സി.ഇ.ഇ./5354/പി.ജി.എം–2019/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി.മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം 2019

## അപേക്ഷകർക്ക് വെബ്സൈറ്റിലൂടെ പ്രൊഫൈൽ പരിശോധിക്കാനുള്ള അവസരം

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ലഭ്യമായ സീറ്റുകളിൽ **2019–20** അധ്യയന വർഷത്തെ വിവിധ പി.ജി. മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് മേൽ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കി. അപേക്ഷകർക്ക് അവരുടെ നീറ്റ്–പി.ജി. സംബന്ധമായ വിവരങ്ങൾ, നേറ്റിവിറ്റി, അനുവദിക്കപ്പെട്ട സാമുദായിക/ പ്രത്യേക/ ശാരീരിക ക്ഷമത കുറഞ്ഞ വിഭാഗം സംവരണ ആനുകൂല്യങ്ങൾ, ന്യൂനപക്ഷ ക്വാട്ട/എൻ.ആർ.ഐ.ക്വാട്ട സംബന്ധമായ വിവരങ്ങൾ എന്നിവ പരിശോധിക്കാവുന്നതാണ്.

പ്രൊഫൈൽ സംബന്ധമായ പരാതികൾ ഉന്നയിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസരം **2019 ഏപ്രിൽ 3 വൈകുന്നേരം 5 മണി വരെ** ലഭ്യമാകുന്നതാണ്. വിശദമായ വിജ്ഞാപനത്തിനായി **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തിരുവനന്തപുരം
30.03.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**